"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.264/ഡി സി.1/2022/ തസ്വഭവ (part3)
തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-12-2022

## സർക്കുലർ

വിഷയം:- വിഷയം: പാരിസ്ഥിതിക സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള (ESZ) പ്രദേശത്തെ സ്ഥാപനങ്ങൾ വീടുകൾ മറ്റ നിർമ്മാണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരശേഖരണം - സമബന്ധിച്ച്

സൂചന:- 1) I.A 1000 / 2003 - WP(C) 202/95 നമ്പർ കേസിൽ ബഹു സുപ്രീം കോടതി 03.06.2022-ൽ പുറപ്പെടുവിച്ച ഉത്തരവ്
2) GO(Rt) No. 424/2022/FWLD, dated 30.09.2022.
3) GO(Rt) No. 433/2022/FWLD, dated 12.10.2022
4) 31.10.2022-ൽ ചേർന്ന വിദഗ്ധ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്
5) 11.12.2022-ൽ ചേർന്ന വിദഗ്ധ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്

**********************

ദേശീയ ഉദ്യാനമോ വന്യജീവി സങ്കേതമോ ആയ ഓരോ സംരക്ഷിത വനത്തിനും അത്തരം സംരക്ഷിത വനങ്ങളുടെ അതിർത്തിയിൽ നിന്ന് കുറഞ്ഞത് ഒരു കിലോമീറ്റർ ദൂരത്തിൽ ഒരു എക്കോ സെൻസിറ്റീവ് സോൺ (ESZ) ഉണ്ടായിരിക്കണമെന്ന സൂചന 1 പ്രകാരം ബഹു സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ESZ-ന്റെ ഏറ്റവും കുറഞ്ഞ വീതി പൊതുതാൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ കുറച്ചേയ്ക്കാം എന്നും, എന്നാൽ അതിനായി ബന്ധപ്പെട്ട സംസ്ഥാനമോ കേന്ദ്രഭരണപ്രദേശമോ സെൻട്രൽ എംപവേർഡ് കമ്മിറ്റി ("CEC"), MoEF&CC എന്നിവയെ സമീപിക്കേണ്ടതും ആയവ ബഹു. സുപ്രീം കോടതിക്ക് മുമ്പാകെ അവരുടെ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ നൽകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.സുപ്രീം കോടതി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതുമായിരിക്കുമെന്ന പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഓരോ സംസ്ഥാനത്തിലും /കേന്ദ്രഭരണ പ്രദേശത്തിലുമുള്ള പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, അതത് ESZ-കൾക്കുള്ളിൽ നിലനിൽക്കുന്ന നിർമ്മാണങ്ങളുടെയും മറ്റ് പ്രസക്തമായ വിശദാംശങ്ങളുടെയും ഒരു പട്ടിക ഉടനടി തയ്യാറാക്കേണ്ടതും ബഹു സുപ്രീം കോടതിക്ക് മുമ്പാകെ ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ് എന്നും നിർദേശിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി സാറ്റലൈറ്റ് ഇമേജിംഗിനോ , ഡ്രോണുകൾ ഉപയോഗിച്ചുള്ള ഫോട്ടോഗ്രാഫിക്കോ വേണ്ടി ഏതെങ്കിലും സർക്കാർ ഏജൻസിയുടെ സഹായം സ്വീകരിക്കാവുന്നതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

2. ബഹു.സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 115 വില്ലേജുകളിലെ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള ബഫർ

സോണുകളിലെ സ്ഥാപനങ്ങൾ വീട്ടുകൾ മറ്റു നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ശേഖരിക്കുവാൻ സൂചന 2,3 ഉത്തരവുകൾ പ്രകാരം ഒരു വിദഗ്ധ പരിശോധന സമിതി രൂപീകരിച്ചിട്ടുണ്ട്.

3.കേരള സ്റ്റേറ്റ് റിമോർട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) സംസ്ഥാനത്തെ നിർദിഷ്ട ESZ-കളിലെ നിർമ്മിതികൾ സംബന്ധിച്ച് സാറ്റലൈറ്റ് ഇമേജിങ്ങിലൂടെ വിവരശേഖരണം നടത്തുകയും പ്രസ്തുത വിവരങ്ങൾ ഇതിനകം I&PRD, ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പങ്കിടുകയും ചെയ്തിട്ടുണ്ട്.

4. ESZ-ന്റെ ഏറ്റവും കുറഞ്ഞ വീതി പൊതുതാൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിൽ ബഹു.സുപ്രീം കോടതി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത ഇളവ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള പ്രദേശത്തെ സ്ഥാപനങ്ങൾ വീട്ടുകൾ മറ്റു നിർമ്മാണങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സെൻട്രൽ എംപവേർഡ് കമ്മിറ്റി ("CEC"), MoEF&CC എന്നിവയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ പാരിസ്ഥിതിക സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള പ്രദേശത്തെ വിവരശേഖരണവുമായി ബന്ധപ്പെട്ട് സാറ്റലൈറ് ഇമേജിങ്ങിലൂടെ കേരള സ്റ്റേറ്റ് റിമോർട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) തയാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ പരിശോധന സമിതിയുടെ മേൽനോട്ടത്തിൽ ഉള്ള ഫീൽഡ് വെരിഫിക്കേഷൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ റവന്യൂ വനം - വന്യ ജീവി വകുപ്പുകളുടെയും മറ്റു വകുപ്പുകളുടെയും ഏകോപനത്തോടെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സൂചന 4 പ്രകാരം വിദഗ്ധ സമിതി യോഗം തീരുമാനിച്ചിരുന്നു. തുടർന്ന് കേരളത്തിലെ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീട്ടുകൾ മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച KSREC തയാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത് തല / വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പടെയുള്ള നിർമിതികളുടെ വിവരങ്ങളും മാപ്പുകളും സഹിതമുള്ള സംക്ഷിപ്ത രൂപവും ആയതിൽ ഉൾപ്പെടാതെ പോയിട്ടുള്ള വിവരങ്ങൾ ഉണ്ടെങ്കിൽ ആയത് പൊതുജനങ്ങൾക്ക് അറിയിക്കുവാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനും, പ്രസ്തുത പ്രൊഫോർമയിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് പൊതുജനങ്ങൾക്ക് സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത വിവരങ്ങൾ ലഭിക്കുന്നമുറയ്ക്ക്, ആയത് പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് അതാതു ദിവസം തദ്ദേശ സ്വയംഭരണ വകുപ്പിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്ഥല പരിശോധന നടത്തി validate ചെയ്യുന്നതിനായി കൈമാറുന്നതിനും വിവരശേഖരണവുമായി ബന്ധപ്പെട്ട വിദഗ്ധ സമിതി സൂചന 5 പ്രകാരം തീരുമാനിച്ചിരുന്നു.

5. പാരിസ്ഥിതിക സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള (ESZ) പ്രദേശത്തെ സ്ഥാപനങ്ങൾ വീട്ടുകൾ മറ്റു നിർമ്മാണങ്ങൾ ബന്ധപ്പെട്ട കൃത്യമായ വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് സെൻട്രൽ എംപവേർഡ് കമ്മിറ്റി ("CEC"), MoEF&CC എന്നിവയ്ക്ക് സമർപ്പിക്കുന്നതിലേക്കായി ആയതുമായി ബന്ധപ്പെട്ട വിവരശേഖരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

i. വിദഗ്ധ സമിതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള (ESZ) പ്രദേശത്തെ വിട്ടുപോയിട്ടുള്ള

സ്ഥാപനങ്ങൾ വീട്ടുകൾ മറ്റു നിർമ്മാണങ്ങൾ  എന്നിവ സംബന്ധിച്ച വിവര ശേഖരണം സുഗമമാക്കുന്ന ചുമതലയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളത്.

ii. I&PRD, ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പങ്കിടുകയും ചെയ്തിട്ടുള്ള സംസ്ഥാനത്തെ നിർദിഷ്ട ESZ-കളിലെ നിർമ്മിതികൾ സംബന്ധിച്ച് സാറ്റലൈറ്റ് ഇമേജിങ്ങിലൂടെ വിവരശേഖരണം നടത്തി കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) തയ്യാറാക്കിയിട്ടുള്ള പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത് തല / വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പടെയുള്ള നിർമിതികളുടെ വിവരങ്ങളും മാപ്പുകളും സഹിതമുള്ള സംക്ഷിപ്ത രൂപവും പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടാതെ പോയിട്ടുള്ള വിവരങ്ങൾ ഉണ്ടെങ്കിൽ ആയത് പൊതുജനങ്ങൾക്ക് അറിയിക്കുവാനുള്ള പ്രൊഫോർമയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

iii. പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശങ്ങളും നിവേദനങ്ങളും സ്വീകരിക്കുന്നതിനുള്ള വിലാസവും വിശദാംശങ്ങൾ കൈമാറേണ്ട പ്രൊഫോമയും കാണിക്കുന്ന ലിങ്ക് ചുവടെ ചേർക്കുന്നു
https://www.kerala.gov.in/subdetail/MTAzNDg5MDcyLjI4/MjIwNjM2NjAuMDg=

iv. പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന വിധം പ്രദർശിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. ഈ  നടപടികൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിലേക്കായി ESZ Buffer Zone ഉൾപ്പെടുന്ന വാർഡ് അടിസ്ഥാനത്തിൽ പ്രചരണം നടത്തേണ്ടതാണ്.

v. പൊതുജനങ്ങൾക്കു ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു ഹെല്പ് ഡെസ്ക് ആരംഭിക്കേണ്ടതാണ്.

vi. KSREC തയ്യാറാക്കിയിട്ടുള്ള പ്രാഥമിക റിപ്പോർട്ടിൽ ഉൾപ്പെടാതെ പോയിട്ടുള്ള ഏതെങ്കിലും നിർമ്മിതികൾ ഉണ്ടെന്നുവരികിൽ ആയവയുടെ വിശദാംശങ്ങൾ പൊതുജനങ്ങൾ നിർദിഷ്ട പ്രൊഫോർമയിൽ ഡിസംബർ 23 നകം eszexpertcommittee@gmail.com എന്ന ഇ-മെയിലിലേക്കോ, ജോയിന്റ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്, അഞ്ചാം നില സെക്രട്ടേറിയറ്റ് അനക്സ് || ബിൽഡിങ്, തിരുവനന്തപുരം-695001 എന്ന വിലാസത്തിലോ ലഭ്യമാക്കാവുന്നതാണ്. തങ്ങളുടെ പ്രദേശത്തെ esz ൽ ഏതെല്ലാം സ്ഥലങ്ങൾ പെടുന്നു എന്ന് മനസ്സിലാക്കുന്നതിന് ഹെല്പ് ഡെസ്ക് ജനങ്ങൾക്കു പ്രയോജന പെടുത്താം. അതോടൊപ്പം വിട്ടു പോയിട്ടുള്ള നിർമിതകളെ കുറിച്ച് വിവരം നൽകുവാൻ വേണ്ട സഹായങ്ങളും ഹെല്പ് ഡെസ്ക് നൽകേണ്ടതാണ്.

vii. ഇപ്രകാരം പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ ഫീൽഡ് തല വാലിഡേഷൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ചുള്ള നിർദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

പ്രിസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

I/5538557/2022

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വനം വന്യ ജീവി വകുപ്പ്
ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
വനം വന്യജീവി (ഡി ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Nisam N**
**Date: 17-12-2022 10:56:21**
സെക്ഷൻ ഓഫീസർ.

പകർപ്പ്:-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്